## <u>വർക്ക് നിയർ ഹോം പ്രോജക്ട് നടപ്പിലാക്കുന്നതിനായി കെ-ഡിസ്കുമായി സഹകരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന കുറിപ്പ്</u>

2026 ഓടു കൂടി 20 ലക്ഷം വിജ്ഞാന തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയാക്കുക എന്ന ലക്ഷ്യത്തോടെ കെ ഡിസ്ക് – ന്റെ കീഴിൽ സംസ്ഥാന സർക്കാർ ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് കേരള നോളജ് ഇക്കോണമി മിഷൻ. വിവരസാങ്കേതികവിദ്യയുടെ വളർച്ചയും അവ തൊഴിലിടങ്ങളിൽ സൃഷ്ടിച്ചിരിക്കുന്ന മാറ്റങ്ങളും ഇന്ന് റിമോട്ട് ജോലികളും ഫ്രീലാൻസ് ജോലികളും പോലുള്ള തൊഴിൽ രീതികൾക്ക് രൂപം നൽകിയിരിക്കുന്നു. ഇത്തരം മാറ്റത്തിലൂടെ ഇന്ന് ഏതൊരു വ്യക്തിക്കും ഒരു സ്ഥലത്തിരുന്നുകൊണ്ട് കിലോമീറ്റർ ദൂരത്തുള്ള തന്റെ സ്ഥാപനത്തിലെ ജോലികൾ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ യഥേഷ്ടം ചെയ്യുവാൻ സാധിക്കുന്നു. വർദ്ധിച്ചു വരുന്ന റിമോട്ട് ജോബുകളിൽ തൊഴിൽ അന്വേഷകർക്കും ജീവനക്കാർക്കുമുള്ള താല്പര്യം വർക്ക് നിയർ ഹോം എന്ന ആശയത്തിന് രൂപം നൽകിയിരിക്കുന്നു. ഈ ആശയത്തെ മുൻനിർത്തി കേരള നോളജ് ഇക്കോണമി മിഷൻ വൈജ്ഞാനിക തൊഴിൽ മേഖലകളിൽ നിന്നുമുള്ള പരമാവധി തൊഴിലുകളെ **വർക്ക് നിയർ ഹോം** മാതൃകയിലൂടെ തൊഴിൽ അന്വേഷകരിലേക്ക് എത്തിച്ച് കേരളത്തിൽ എവിടെയിരുന്നുകൊണ്ടും അത്തരം വൈജ്ഞാനിക തൊഴിലിൽ ഏർപ്പെട്ടുകൊണ്ട് സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് കരുത്തേകാൻ സാഹചര്യം ഒരുക്കുന്നു.

DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, വൈജ്ഞാനിക തൊഴിലന്വേഷകരും, കരിയർ ബ്രേക്ക് വന്നിട്ടുള്ള വനിതകൾക്കും വർക്ക് നിയർ ഹോം വളരെയധികം പ്രയോജനപ്പെടും. പുതിയതായി പഠിച്ചിറങ്ങുന്ന ഉദ്യോഗാർത്ഥികൾക്കും അവരുടെ വീടിനടുത്ത് തൊഴിൽ ചെയ്യാനുള്ള സൌകര്യവും വർക്ക് നിയർ ഹോമിലൂടെ സാധ്യമാകുന്നു. വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി തുടങ്ങി എല്ലാവിധ സൌകര്യങ്ങളോടും കൂടിയ ഒരു ഓഫീസ് കെട്ടിടമായിരിക്കും ജീവനക്കാർക്ക് ലഭിക്കുക.

ഇതിനായി കേരള നോളജ് ഇക്കോണമി മിഷൻ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ രാജ്യാന്തര നിലവാരത്തിലുള്ള വർക്ക് നിയർ ഹോം സെന്ററുകളുടെ ശൃംഖല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് മാറ്റം വരുത്തിയോ വിപുലപ്പെടുത്തിയോ രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇത്തരം സാഹചര്യത്തിൽ ഉദ്യോഗാർത്ഥികളെ വൈജ്ഞാനിക തൊഴിലുകളിലേക്ക് ആകർഷിക്കുവാനും നിലവിൽ റിമോട്ട് ജോലികളിലും ഫ്രീലാൻസ് ജോലികളിലും സ്വയം സംരംഭ ജോലികളിലും ഉൾപ്പെട്ടിരിക്കുന്നവരെ പിന്തുണയ്ക്കുവാനും സാധിക്കുന്നു. ഇത്തരം വർക്ക് നിയർ ഹോം കേന്ദ്രങ്ങളുടെ പ്രവർത്തനവും നടത്തിപ്പും കെ-ഡിസ്ക് എംപാനൽ ചെയ്ത ഏജൻസികൾ മുഖേന നടത്താം. മൊത്തം ചെലവിന്റെ നിശ്ചിത ശതമാനം കിഫ്ബിയുടെ സഹായത്തോടെ K-DISC ഉം ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണം. വർക്ക് നിയർ ഹോം സെന്ററുകളുടെ പ്രവർത്തന ചെലവ് അതിന്റെ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഉപയോക്താക്കളുടെ എണ്ണത്തെ അടിസ്ഥാനമാക്കി, വർക്ക്നിയർ ഹോം സെന്ററുകളെ മൂന്നായി തിരിച്ചിരിക്കുന്നു.

1. മൈക്രോ ഓഫീസ് സ്പെയ്സ്: 15-50 ജീവനക്കാർ, പരമാവധി 5000 ചതുരശ്ര അടിസ്ഥലം

2. മിനി ഓഫീസ് സ്പെയ്സ്: 51-100 ജീവനക്കാരും 5000-10000 ചതുരശ്ര അടിക്ക് ഇടയിലുള്ള സ്ഥലവും

3. കമ്മ്യൂണിറ്റി വർക്ക്സെന്റർ: 100–250 ജീവനക്കാരും 10000 ചതുരശ്ര അടിക്ക് മുകളിലുള്ള സ്ഥലവും എന്നാൽ 25000 ചതുരശ്ര അടിയിൽ താഴെയും

ഇതിനായി കേരള നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് കേരളത്തിൽ വർക്ക് നിയർ ഹോം പ്രോജക്ട് നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വർക്ക് നിയർ ഹോം പ്രോജക്ടിനായി അവർക്ക് കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ പങ്കുവെക്കാവുന്നതാണ്.

**വർക്ക് നിയർ ഹോം സെന്ററുകൾ സജ്ജീകരിക്കുന്നതിനായി സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിന് താഴെ തന്നിരിക്കുന്ന ഘടകങ്ങളുള്ള കെട്ടിടങ്ങൾക്ക് മുൻഗണന നൽകുന്നതായിരിക്കും**

- **സ്ഥലത്തിന്റെ ലഭ്യത:** വർക്ക് നിയർ ഹോം സെന്ററുകളായി മാറ്റിയെടുക്കാൻ കഴിയുന്ന ഏറ്റവും ഉചിതമായ സ്ഥലങ്ങളിലുള്ള അടിസ്ഥാന സൌകര്യങ്ങളുള്ള കെട്ടിടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. മൈക്രോ, മിനി അല്ലെങ്കിൽ കമ്മ്യൂണിറ്റി വർക്ക് സെന്ററിൽ വരുന്ന മുഴുവൻ ജീവനക്കാരെയും ഉൾക്കൊള്ളിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളതും വെള്ളം, വൈദ്യുതി, ഇന്റർനെറ്റ് മുതലായ അത്യാവശ്യ ഘടകങ്ങളും ഉള്ളതായിരിക്കണം നിർദ്ദേശിക്കുന്ന സ്ഥലം.
- **വൈജ്ഞാനിക തൊഴിൽ നേടാനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം:** അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള, വൈജ്ഞാനിക തൊഴിൽ നേടാനായി രജിസ്റ്റർ ചെയ്തിട്ടുള്ള, ബിരുദം അടിസ്ഥാന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണവും കണക്കിലെടുക്കും. തൊഴിലന്വേഷകരുടെയും തൊഴിൽ ദാതാക്കളുടെയും ആവശ്യകതകളെക്കുറിച്ച് പഠനം നടത്തുന്നതിന് കെകെഇഎം ഒരു ഏജൻസിയെ നിയമിക്കും. വർക്ക് നിയർ ഹോം സെന്ററുകൾ തെരഞ്ഞെടുക്കുന്നതിന് ഈ ഏജൻസിയുടെ കണ്ടെത്തലുകളും പരിഗണിക്കുന്നതായിരിക്കും.
- **തെരഞ്ഞെടുക്കാവുന്ന സ്ഥലം:** എളുപ്പത്തിൽ എത്തിച്ചേരാവുന്നതും, ഗതാഗത സൌകര്യമുള്ളതും, ജനവാസ കേന്ദ്രത്തിൽ നിന്നും അകലെയല്ലാത്തതുമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്.
- **അടിസ്ഥാന സൌകര്യങ്ങൾ:** തെരഞ്ഞെടുക്കുന്ന സ്ഥലങ്ങൾ അടിസ്ഥാന സൌകര്യങ്ങളുള്ളതും ആശുപത്രികൾ, റെസ്റ്റോറന്റുകൾ, ഡേ കെയറുകൾ തുടങ്ങിയവയ്ക്ക് അടുത്തുള്ളതുമായിരിക്കണം.

**താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വർക്ക് നിയർ ഹോം സെന്ററുകൾ മുഖേനയുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്.**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, നിലവിൽ കൈവശമുള്ള സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുകയോ, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയോ സർക്കാർ വകുപ്പുകളുടെയോ അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കീഴിലുള്ള കെട്ടിടങ്ങൾ പാട്ടത്തിനോ, സ്വകാര്യ കെട്ടിടങ്ങൾ ലീസിനോ എടുക്കാവുന്നതാണ്.
- ഏറ്റവും കുറഞ്ഞത് 5000 ചതുരശ്ര അടിയെങ്കിലുമുള്ള കെട്ടിടമായിരിക്കണം.
- 15 വർഷത്തിൽ താഴെ പഴക്കമുള്ളതും എല്ലാവിധ അനുമതികളും ക്ലിയറൻസുകളുമുള്ള കെട്ടിടമായിരിക്കണം തെരഞ്ഞെടുക്കേണ്ടത്.

- നിർദ്ദിഷ്ട കെട്ടിടത്തിൽ വൈദ്യുതി, വെള്ളം, ശുചിമുറികൾ അടക്കമുള്ള മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കണം.
- നിർദ്ദേശിക്കുന്ന സ്ഥലത്തിനടുത്ത് സ്റ്റാർട്ടപ്പുകളോ എം.എസ്.എം.ഇ കളോ ഉണ്ടായിരിക്കുന്നതാണ് അഭികാമ്യം.
- നിലവിൽ സർക്കാരിലേക്ക് വർക്ക് നിയർ ഹോമിന്റെ പ്രോജക്ടിനുവേണ്ടി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണ്.

താല്പര്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് https://forms.gle/22yCUCNydn3gBW2Y7 എന്ന ലിങ്കിലോ, kdisc.kerala.gov.in എന്ന വെബ് സൈറ്റ് വഴിയോ അപേക്ഷിക്കാവുന്നതാണ്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **ജൂലൈ 20, 2023.**